എൻ. ടി. പി. സി.-യുടെ കായംകുളം നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങാനുള്ള കരാറിന്റെ കാലാവധി

16 [* 325] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, ടി. കെ. ദേവകുമാർ :
,, മത്തായി ചാക്കോ :
,, കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ടി. പി. സി.-യുടെ കായംകുളം നിലയത്തിൽനിന്നും വൈദ്യുതി വാങ്ങാനുള്ള കരാറിന്റെ കാലാവധി എന്നുവരെയാണ് എന്ന് വെളിപ്പെടുത്താമോ ;

(ബി) കാലാവധി അവസാനിപ്പിച്ചശേഷം കായംകുളം നിലയത്തിലെ വൈദ്യുതി ഉപയോഗപ്പെടുത്താൻ കേരളം ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇത് സംബന്ധമായി എൻ. ടി. പി. സി.-യുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) കായംകുളം വൈദ്യുതി നിലയം ഇതേവരെ ഉല്പാദിപ്പിച്ച വൈദ്യുതിയിൽ എത്ര ശതമാനം വൈദ്യുതി കേരളം വാങ്ങുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) എൻ. ടി. പി. സി.-യുടെ കായംകുളം നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങാൻ 6-1-1995-ൽ ഒപ്പുവച്ച കരാറിന്റെ കാലാവധി 28-2-2005 വരെ ആയിരുന്നു.

(ബി) ഉണ്ട്.

(സി) ചർച്ചകൾ നടത്തിയിട്ടുണ്ട്. കായംകുളം താപനിലയം കേരളത്തിനു വേണ്ടിയുള്ള ഡെഡിക്കേറ്റഡ് പവ്വർ സ്റ്റേഷൻ ആണ്. നാഫ്തയുടെ അമിതമായ വിലക്കയറ്റംമൂലം കായംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില ക്രമാതീതമായി വർദ്ധിച്ചപ്പോൾ കായംകുളം സ്റ്റേഷന്റെ പകുതി ഉൽപ്പാദനശേഷി തമിഴ്നാട് ഉലക്ട്രിസിറ്റി ബോർഡിന് താൽക്കാലികമായി നൽകാനും ബാക്കി കേരളത്തിനുള്ള പകുതി വൈദ്യുതിയ്ക്ക് തുല്യമായ അളവിൽ വിലകുറച്ച് എൻ. ടി. പി. സി.-യുടെ ഈസ്റ്റേൺ റീജിയണിൽ ഉള്ള വൈദ്യുതി നിലയങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനും വേണ്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. കായംകുളം താപനിലയത്തിൽ എൽ. എൻ. ജി. ഉപയോഗിച്ച് കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കേണ്ട ആവശ്യത്തെക്കുറിച്ചും ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) കായകുളം വൈദ്യുതി നിലയം ഇതേവരെ ഉൽപ്പാദിപ്പിച്ച വൈദ്യുതിയിൽ ഏകദേശം 81.7% വൈദ്യുതി കേരളം വാങ്ങുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly